പി സ്മാരക കവിതാപുരസ്കാരം ഷീജ വക്കത്തിന്

കാഞ്ഞങ്ങാട്

മഹാകവി പി കുഞ്ഞിരാമൻനായർ സ്മാരക ട്രസ്റ്റിന്റെ പി സ്മാരക കവിതാ പുരസ്കാരം ഷീജ വക്കത്തിന്റെ 'അന്തിക്കള്ളും പ്രണയഷാപ്പും' കവിതാ സമാഹാരത്തിന്. 20,000 രൂപയും ഫലകവുമാണ് പുരസ്കാരം. പിയുടെ ചരമ വാർഷികദിനമായ 27ന് വെള്ളിക്കോത്ത് നടക്കുന്ന ചടങ്ങിൽ ട്രസ്റ്റ് ചെയർമാൻ കെ ജയകുമാർ പുരസ്കാരം സമ്മാനിക്കും.

തിരുവനന്തപുരം ആറ്റിങ്ങൽ സ്വദേശിയായ ഷീജ വക്കം, മലപ്പുറം താനൂർ ഗവ. ആയുർവേദ ഡിസ്പെൻസറിയിൽ മെഡിക്കൽ ഓഫീസറാണ്. കെ ജയകുമാർ, ആലങ്കോട് ലീലാകൃഷ്ണൻ, ഇ പി രാജഗോപാലൻ എന്നിവരാണ് പുരസ്കാരം നിർണയിച്ചത്.

വൈദ്യുതി നിരക്ക് വർധന: അദാലത്ത് സമാപിച്ചു

തിരുവനന്തപുരം

സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർധിപ്പിക്കുന്നതിൽ കെഎസ്ഇബിയുടെ താരിഫ് പരിഷ്കരണ ശുപാർശയിൽ റെഗുലേറ്ററി കമീഷൻ നടത്തിയ പൊതു അദാലത്ത് സമാപിച്ചു.

അവസാന അദാലത്ത് തിങ്കളാഴ്ച തിരുവനന്തപുരത്ത് പൂർത്തിയായി. 220 മുതൽ 250 വരെ യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്നവർക്ക് 6.50 രൂപ വർധിപ്പിക്കണമെന്നത് 5.50 രൂപയാക്കി കെഎസ്ഇബി പുതുക്കിയ ശുപാർശ സമർപ്പിച്ചിരുന്നു. ഇ–മെയിലിലും തപാലിലും ലഭിച്ച പൊതുജനാഭിപ്രായങ്ങൾകൂടി പരിശോധിച്ചശേഷമേ കമീഷൻ അന്തിമ തീരുമാനത്തിലെത്തൂ.

ചുമട്ടുതൊഴിലാളികളെ നവീകരിക്കും

നവശക്തി പദ്ധതിക്ക് തുടക്കം

സ്വന്തം ലേഖകൻ

കൊച്ചി

ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിച്ച് കയറ്റിറക്ക് ജോലി ചെയ്യാൻ ചുമട്ടുതൊഴിലാളികളെ നവശക്തി പദ്ധതിയിലൂടെ പ്രാപ്തരാക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. എസ്കലേറ്ററുകൾ, ക്രെയിൻ തുടങ്ങിയവ ഉപയോഗിക്കാൻ പദ്ധതിയിലൂടെ തൊഴിലാളികൾക്ക് പ്രാവീണ്യം ലഭിക്കും. ഐടി പാർക്കുകളിലെയും പ്രത്യേക സാമ്പത്തികമേഖലകളിലെയും തൊഴിലാളികളെയാണ് ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കുന്നതെന്നും മന്ത്രി പറഞ്ഞു. ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് നടപ്പാക്കുന്ന പദ്ധതി ഉദ്ഘാടനംചെയ്യുകയായിരുന്നു മന്ത്രി.

പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്ന തൊഴിലാളികൾക്ക് പ്രത്യേക യൂണിഫോമും നൂതന സുരക്ഷാ ഉപകരണങ്ങളുടെ പരിശീലനവും ലഭിക്കും

നൈപുണ്യമികവും അടിസ്ഥാനയോഗ്യതകളും ഉറപ്പാക്കി ചുമട്ടുതൊഴിലാളികൾക്ക് അഭിമാനകരമായി ജോലി ചെയ്യാനുള്ള അവസരമാണ് ഒരുക്കുന്നത്. തൊഴിൽ മേഖലയിലെ മാറ്റങ്ങൾ, പുതിയ ഉപകരണങ്ങൾ, സംവിധാനങ്ങൾ എന്നിവയ്ക്കനുസരിച്ച് തൊഴിലാളികൾ സ്വയം നവീകരിക്കണം. പ്രത്യേക വൈദഗ്ധ്യം ആവശ്യമുള്ള സാധനസാമഗ്രികളുടെ കയറ്റിറക്കിൽ തൊഴിലാളികൾ പരിശീലനം നേടണം. അത്തരം കയറ്റിറക്കലിന് ഇപ്പോൾ ചുമട്ടുതൊഴിലാളികൾക്ക് അവകാശമില്ല. നവശക്തി പദ്ധതി അതിന് പരിഹാരമാകും.

ടി ജെ വിനോദ് എംഎൽഎ അധ്യക്ഷനായി. മേയർ എം അനിൽകുമാർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ചെയർമാൻ ആർ രാമചന്ദ്രൻ, തൊഴിൽ സെക്രട്ടറി അജിത് കുമാർ, ക്ഷേമബോർഡ് ചീഫ്എക്സിക്യൂട്ടീവ് ഓഫീസർ കെ ശ്രീലാൽ, ഫിനാൻസ് ഓഫീസർ ടി എൻ മുഹമ്മദ് ഷഫീഖ്, നവശക്തി നോഡൽ ഓഫീസർ ആർ ഹരികുമാർ എന്നിവർ സംസാരിച്ചു.

ലോഗോ പതിച്ച പുതിയ യൂണിഫോമും

ചുമട്ടുതൊഴിലാളികളും ഇനി സ്മാർട്ട്

സ്വന്തം ലേഖകൻ

കൊച്ചി

നവശക്തി പദ്ധതിയിൽ പരിശീലനം നേടിയ ചുമട്ടുതൊഴിലാളികൾ പുതിയ യൂണിഫോമിൽ

ചുമട്ടുതൊഴിലാളികളെ തലയിൽക്കെട്ടും മുണ്ടുമുടുത്ത ചട്ടമ്പിവേഷക്കാരായി ചിത്രീകരിക്കുന്ന കാരിക്കേച്ചറുകൾ ഇനി പഴങ്കഥയാകും. ലോഗോ തുന്നിച്ചേർത്ത ചാരനിറത്തിലുള്ള ഷർട്ടും പാന്റ്സും ആണ് പുതിയ വേഷം. തൊഴിൽ ആയാസരഹിതവും സുരക്ഷിതവുമാക്കുന്ന യന്ത്രോപകരണങ്ങളും അവരുടെ ജോലിയുടെ ഭാഗമാകും.

സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായാണ് ചുമട്ടുതൊഴിൽമേഖലയുടെ മുഖച്ഛായ മാറ്റുന്ന പരിഷ്കാരങ്ങൾ. മാറിയ കാലത്തിനൊത്ത് ചുമട്ടുതൊഴിലാളികളുടെ നൈപുണ്യവും പ്രൊഫഷണലിസവും പരിഷ്കരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന നവശക്തി പദ്ധതിയുടെ ഭാഗമായാണ് ഈ പരിഷ്കരണം.

സംസ്ഥാനത്ത് ആദ്യം എറണാകുളം ജില്ലയിൽ നടപ്പാക്കുന്ന പദ്ധതിയിൽ നൂറ്റമ്പതോളം ചുമട്ടുതൊഴിലാളികളാണുള്ളത്. ഇൻഫോപാർക്ക്, എടയാർ വ്യവസായ പാർക്ക്, ആലുവ ഐഎസ്ആർഒ യാർഡ്, പെപ്സി ഗോഡൗൺ ആലുവ എന്നിവിടങ്ങളിലെ കയറ്റിറക്ക് തൊഴിലാളികളാണിവർ. ഫോർക്ക് ലിഫ്റ്റ്, സ്റ്റാക്കേഴ്സ്, പല്ലറ്റ് ജാക്ക്, മിനി ക്രയിൻ തുടങ്ങിയവ ഉപയോഗിക്കാനും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാനും ഇവർ പരിശീലനം നേടിയിട്ടുണ്ട്.

വിദഗ്ധ ഏജൻസികൾക്കുകീഴിലുള്ള ത്രിതല പരിശീലനമാണ് ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് നൽകിയിട്ടുള്ളതെന്ന് പദ്ധതിയുടെ നോഡൽ ഓഫീസർ ആർ ഹരികുമാർ പറഞ്ഞു.

ഈ തൊഴിലാളികളുടെ വർക് അലോട്ട്മെന്റ്, വേതനവിതരണം, ബോർഡിലേക്കുള്ള പണമടക്കൽ എന്നിവ ഓൺലൈനിലാക്കാനുള്ള സംവിധാനവും ഒരുങ്ങി.

അടുത്തഘട്ടമായി സിയാൽ, കിയാൽ, ടെക്നോപാർക്ക്, കൊച്ചിൻ പോർട്ട് എന്നിവിടങ്ങളിലെ തൊഴിലാളികളെയും പദ്ധതിയുടെ ഭാഗമാക്കും.

വ്യാപാരി വ്യവസായി സമിതി സംസ്ഥാന സമ്മേളനം 23 മുതൽ കോഴിക്കോട്ട്

കോഴിക്കോട്

വ്യാപാരി വ്യവസായി സമിതി സംസ്ഥാന സമ്മേളനം 23, 24, 25 തീയതികളിൽ കോഴിക്കോട്ട് നടക്കും. 23ന് വൈകിട്ട് കടപ്പുറം ഫ്രീഡം സ്ക്വയറിൽ പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനംചെയ്യും. മന്ത്രി പി എ മുഹമ്മദ് റിയാസ്, എളമരം കരീം എംപി, ടി പി രാമകൃഷ്ണൻ എംഎൽഎ എന്നിവർ സംസാരിക്കും. പൊതുസമ്മേളനത്തിന് മുന്നോടിയായി വ്യാപാരി റാലി നടക്കും. 24ന് രാവിലെ എരഞ്ഞിപ്പാലം ആശീർവാദ് ഓഡിറ്റോറിയത്തിൽ പ്രതിനിധി സമ്മേളനം ഡോ. ടി എം തോമസ് ഐസക് ഉദ്ഘാടനംചെയ്യും.

സമ്മേളനത്തിൽ 525 പ്രതിനിധികൾ പങ്കെടുക്കുമെന്ന് സമിതി സംസ്ഥാന പ്രസിഡന്റ് വി കെ സി മമ്മദ്കോയയും സെക്രട്ടറി ഇ എസ് ബിജുവും അറിയിച്ചു. സമ്മേളനത്തിനുള്ള പതാക 21ന് ആലപ്പുഴയിലെ ഒ അഷറഫ് സ്മൃതിമണ്ഡപത്തിൽനിന്ന് കൊണ്ടുവരും. കൊടിമരം കൊയിലാണ്ടിയിലെ എം പി കൃഷ്ണന്റെ സ്മൃതികുടീരത്തിൽനിന്നും. നോട്ട് നിരോധനം, ജിഎസ്ടി, ഓൺലൈൻ വ്യാപാരം, കേന്ദ്രസർക്കാരിന്റെ കോർപറേറ്റ് അനുകൂല നയങ്ങൾ എന്നിവയാൽ വ്യാപാരമേഖല നേരിടുന്ന പ്രതിസന്ധി മൂന്നുദിവസത്തെ സമ്മേളനം ചർച്ച ചെയ്യും. വാർത്താസമ്മേളനത്തിൽ സംഘാടകസമിതി ജനറൽ കൺവീനർ സന്തോഷ് സെബാസ്റ്റ്യൻ, ട്രഷറർ സൂര്യ അബ്ദുൾ ഗഫൂർ, സി കെ വിജയൻ, എസ് ദിനേഷ് എന്നിവർ പങ്കെടുത്തു.

കൊല്ലത്തിനും കോഴിക്കോടിനും പുതിയ ജില്ലാ മെഡിക്കൽ ഓഫീസർമാർ

തിരുവനന്തപുരം

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന (മെഡിക്കൽ) കെ എസ് ഷിനുവിനെ കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറായും കാസർകോട് ജനറൽ ആശുപത്രി സൂപ്രണ്ടായിരുന്ന രാജാറാം കിഴക്കേകണ്ടിയിലിനെ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറായും നിയമിച്ചു. കോഴിക്കോട് അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ (ഡെപ്യൂട്ടി ഡയറക്ടർ) എം പീയൂഷിനെ സ്റ്റേറ്റ് ടിബി ഓഫീസിൽ അഡീഷണൽ ഡയറക്ടർ തസ്തികയിലേക്ക് നിയമിച്ച് ആരോഗ്യവകുപ്പ് ഉത്തരവായി. ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള മൂവർക്കും അഡീഷണൽ ഡയറക്ടറായി സ്ഥാനക്കയറ്റം നൽകിയാണ് നിയമനം.

കൂടാതെ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ പ്ലാനിങ് വിഭാഗം അഡീഷണൽ ഡയറക്ടർ വിജയശ്രീയെ എ ആൻഡ് ടി വിഭാഗം അഡീഷണൽ ഡയറക്ടറായും അവരുടെ ഒഴിവിലേക്ക് അഡീഷണൽ ഡയറക്ടർ (ടിബി) എൻ രാജേന്ദ്രനെയും നിയമിച്ചു. കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിലെ അഡീഷണൽ പ്രോജക്ട് ഡയറക്ടർ തസ്തിക നിർത്തിയ സാഹചര്യത്തിൽ ആരോഗ്യവകുപ്പിൽ തിരികെ പ്രവേശിച്ച എ പി പാർവതിയെ താൽക്കാലികമായി നാഷണൽ ഹെൽത്ത് മിഷനിൽ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ തസ്തികയിൽ നിയമിച്ചു.

അരിക്കൊമ്പൻ വീണ്ടും പെരിയാർ സങ്കേതത്തിൽ

കുമളി

അരിക്കൊമ്പൻ വീണ്ടും കറങ്ങിത്തിരിഞ്ഞ് പെരിയാർ കടുവാ സങ്കേതത്തിലെ വനമേഖലയിലെത്തി. തിങ്കൾ പുലർച്ചെ അഞ്ചോടെയാണ് മേഘമല വനമേഖലയിൽനിന്ന് പെരിയാർ സങ്കേതത്തിലേക്ക് ആന എത്തിയത്.

മണലാറിലുള്ള കേരള വനംവകുപ്പിന്റെ വാച്ചർ ഷെഡ്ഡിന് ചെറിയതോതിൽ കേടുപാടു വരുത്തി. ഏതാനും ദിവസങ്ങൾക്കിടയാണ് ആന വീണ്ടും പെരിയാർ കടുവാ സങ്കേതത്തിൽ എത്തിയത്. അരിക്കൊമ്പന്റെ കഴുത്തിൽ ഘടിപ്പിച്ച റേഡിയോ കോളറിൽനിന്ന് ഇടവിട്ട് സിഗ്നലുകൾ ലഭിക്കുന്നുണ്ട്. ഇത്മൂലം ജനവാസമേഖലയിൽ ആന എത്തുന്നത് തടയാനായി.

വിഴിഞ്ഞം തുറമുഖം: 109 കോടി നൽകി

തിരുവനന്തപുരം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമാണവുമായി ബന്ധപ്പെട്ട് അദാനി പോർട്സിന് നൽകാനുള്ള 109 കോടി രൂപകൂടി സർക്കാർ നൽകി. പുലിമുട്ട് നിർമാണം 30 ശതമാനം പൂർത്തിയാകുമ്പോൾ കരാർ പ്രകാരം 359 കോടി രൂപ സർക്കാർ നൽകണമായിരുന്നു. നേരത്തേ 250 കോടി നൽകി. ബാക്കി തുകയാണ് തിങ്കളാഴ്ച കൈമാറിയത്.

കെഎഫ്സിയിൽനിന്നാണ് വായ്പയെടുത്തത്. ഈ തുക ഹഡ്കോയിൽനിന്നോ സഹകരണ കൺസോർഷ്യത്തിൽനിന്നോ വായ്പ ലഭ്യമാകുന്ന മുറയ്ക്ക് തിരിച്ചടയ്ക്കും.

തുറമുഖനിർമാണം വേഗത്തിൽ പൂർത്തീകരിക്കാനാണ് അദാനി പോർട്സിന് സർക്കാർ നൽകിയ നിർദേശം. സെപ്തംബറിൽ ആദ്യ കപ്പൽ വിഴിഞ്ഞത്ത് അടുക്കും.

കേരളത്തിൽ കാറ്റുപോയി 'ദ കേരള സ്റ്റോറി'

സ്വന്തം ലേഖകൻ

കൊച്ചി

കേരളത്തിൽ ആവശ്യത്തിന് തിയറ്ററും കാണികളുമില്ലാതെ ഒരാഴ്ചയ്ക്കുള്ളിൽ പൂട്ടിക്കെട്ടി വിദ്വേഷപ്രചാരണ സിനിമ 'ദ കേരള സ്റ്റോറി'. രണ്ടാംവാരത്തിൽ 40 തിയറ്ററുകളിൽ പ്രദർശിപ്പിക്കാനിരുന്ന സിനിമ മൂന്നിലൊന്ന് തിയറ്ററുകളിലേക്ക് ഒതുങ്ങി.

കഴിഞ്ഞ അഞ്ചിന് ലോകവ്യാപകമായി റിലീസ് ചെയ്ത സിനിമ ഏതാനും തിയറ്ററുകൾ വിലയ്ക്കെടുത്താണ് സംസ്ഥാനത്ത് റിലീസ് ചെയ്തത്. മുപ്പതോളമിടത്ത് തീരുമാനിച്ചെങ്കിലും 20 തിയറ്ററുകളിൽമാത്രമാണ് റിലീസുണ്ടായത്. കാണാൻ ആളില്ലാത്തതിനാൽ പ്രദർശനം പിന്നെയും കുറഞ്ഞു. കേരളത്തിനുപുറത്ത് സിനിമ വൻ ജനപ്രീതി നേടുന്നുവെന്ന മാധ്യമപ്രചാരണത്തിനിടയിലും കേരളത്തിൽ ചലനമുണ്ടാക്കാതിരുന്നത് സംഘപരിവാർ സംഘടനകൾക്ക് ക്ഷീണമായി. ഇതിന് ബദലായി യഥാർഥ കേരള സ്റ്റോറി എന്ന് ടാഗ് ചെയ്ത് പ്രമുഖർ ഉൾപ്പെടെ രംഗത്തുവന്നും വിദ്വേഷസിനിമയുടെ കള്ളം പൊളിച്ചു. സംഗീതജ്ഞൻ എ ആർ റഹ്മാൻ ഉൾപ്പെടെയുള്ളവർ യഥാർഥ കേരളത്തെ ഉയർത്തിക്കാട്ടി.

ഹിന്ദുത്വസംഘടനകൾ ടിക്കറ്റുകൾ കൂട്ടത്തോടെ ബുക്ക് ചെയ്തെങ്കിലും കാണികൾ തിയറ്ററിലേക്ക് എത്തിയില്ല

ജനാഭിപ്രായം ശക്തമാകുന്നതിനിടെ കൂടുതൽ സ്ക്രീനുകളിലേക്ക് സിനിമയെത്തിച്ച് നാണക്കേടിൽനിന്ന് രക്ഷപ്പെടാൻ നീക്കം നടത്തുകയാണ് ഹിന്ദുത്വ സംഘടനകൾ. കൂട്ടത്തോടെ ടിക്കറ്റ് എടുത്ത് സഹായിക്കുമെന്ന വ്യവസ്ഥയിൽ പതിനഞ്ചോളം തിയറ്ററുകളിൽക്കൂടി പ്രദർശനത്തിന് ധാരണയുണ്ടാക്കി. അതുപ്രകാരം വിവിധ ഹിന്ദുത്വസംഘടനകൾ ടിക്കറ്റുകൾ കൂട്ടത്തോടെ ബുക്ക് ചെയ്തെങ്കിലും കാണികൾ തിയറ്ററിലേക്ക് എത്തിയില്ല. എങ്കിലും ടിക്കറ്റ് വിറ്റുപോയതിന്റെ ബലത്തിൽ തിയറ്ററുകൾ പ്രദർശനം മുടക്കിയില്ല. ഇതിനിടെ മറ്റുചില മലയാളചിത്രങ്ങൾ പ്രേക്ഷകശ്രദ്ധ ആകർഷിച്ചതോടെ തിയറ്ററുകൾ ചുവടുമാറ്റി.

അഞ്ചുമുതൽ 12 വരെയുള്ള ഒരാഴ്ച 42 ലക്ഷം രൂപമാത്രമാണ് 'ദ കേരള സ്റ്റോറി' സംസ്ഥാനത്തുനിന്ന് കലക്ട് ചെയ്തതെന്നാണ് റിപ്പോർട്ടുകൾ. ആഗോള റിലീസിലൂടെ 135 കോടിയോളം നേടി എന്ന അവകാശവാദത്തിനിടെയാണിത്. 12 മുതൽ 18 വരെ 49 തിയറ്ററുകളിലാണ് കളിക്കാനിരുന്നത്. എറണാകുളം ജില്ലയിൽ മാത്രം 10 തിയറ്ററുകൾ ഇതിലുൾപ്പെടും. എന്നാൽ, ജില്ലയിലെ രണ്ട് തിയറ്ററിൽമാത്രമാണ് തിങ്കളാഴ്ച പ്രദർശിപ്പിച്ചത്. അതും ആവശ്യത്തിന് ആളില്ലാതെ. ഹിന്ദുത്വ സംഘടനകൾ കൂട്ടത്തോടെ ടിക്കറ്റെടുക്കലും അവസാനിപ്പിച്ചു. ഈ സാഹചര്യത്തിൽ 'ദ കേരള സ്റ്റോറി'യുടെ കഥകഴിക്കാനാണ് തിയറ്ററുടമകളുടെ തീരുമാനം.

എകെഎസ് ജാഥയ്ക്ക് ഉജ്വല വരവേൽപ്പ്

മുണ്ടക്കയം/ഇടുക്കി

ആദിവാസി ക്ഷേമ സമിതി സംസ്ഥാന ജാഥയെ മുണ്ടക്കയം കല്ലേപാലം ജങ്ഷനിൽ സ്വീകരിക്കുന്നു

ആദിവാസികളോടുള്ള കേന്ദ്രസർക്കാർ അവഗണന അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് ആദിവാസി ക്ഷേമസമിതി(എകെഎസ്) സംസ്ഥാന കമ്മിറ്റി സംഘടിപ്പിക്കുന്ന വാഹന പ്രചാരണ ജാഥ ഇടുക്കി ജില്ലയിൽ പര്യടനം പൂർത്തിയാക്കി കോട്ടയം ജില്ലയിൽ പ്രവേശിച്ചു. ജില്ലാ കവാടമായ മുണ്ടക്കയം കല്ലേപാലം ജങ്ഷനിൽ ആവേശ വരവേൽപ്പ്. ദളിത് ആദിവാസി പീഡനം അവസാനിപ്പിക്കുക, ഭൂരഹിതർക്ക് ഭൂമി നൽകുക, വനാവകാശ രേഖ ലഭിച്ച ഭൂമിക്കും ആദിവാസികളുടെ കൈവശഭൂമിക്കും പട്ടയം അനുവദിക്കുക, കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി നൽകുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് ജാഥ.

എകെഎസ് സംസ്ഥാന ജനറൽ സെക്രട്ടറി ബി വിദ്യാധരൻ കാണി ക്യാപ്റ്റനായ ജാഥയ്ക്ക് ഇടുക്കി ജില്ലയിലെ ഉപ്പുതറയിലും കുമളിയിലും സ്വീകരണം നൽകി. യോഗം സംസ്ഥാന പ്രസിഡന്റ് ഒ ആർ കേളു ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റി അംഗം കെ ആർ കുട്ടപ്പൻ അധ്യക്ഷനായി.

മുണ്ടക്കയം കല്ലേപാലം ജങ്ഷനിൽ സിപിഐ എം ജില്ലാ സെക്രട്ടറി എ വി റസൽ, കെ ജെ തോമസ്, കെ രാജേഷ്, ഷമിം അഹമ്മദ്, അജിതാ രതീഷ്, രേഖാ ദാസ്, പി ആർ അനുപമ, റജീനാ റഫീഖ് എന്നിവർ ചേർന്ന് സ്വീകരിച്ചു.

സ്വീകരണ സമ്മേളനത്തിൽ എകെഎസ് കാഞ്ഞിരപ്പള്ളി ഏരിയ പ്രസിഡന്റ് എം എസ് സതീഷ് അധ്യക്ഷനായി. ജാഥാ കാപ്റ്റൻ വിദ്യാധരൻ കാണി, ഒ ആർകേളു എംഎൽഎ, പി വാസുദേവൻ, ഒക്ലാവ് കൃഷ്ണൻ, എം എൽ കിഷോർ, എം കെ പ്രേമ, കെ എസ് രാജൻ, കെ രാജേഷ്, കെ ആർ സെയിൻ എന്നിവർ സംസാരിച്ചു. ബാലസംഘം കുട്ടികളുടെ കലാപരിപാടികളും ഉണ്ടായി. ചൊവ്വാഴ്ച ജില്ലയിലെ പര്യടനം പൂത്തിയാക്കി ആലപ്പുഴ ജില്ലയിൽ പ്രവേശിക്കും. രാവിലെ 10ന് മേലുകാവിലും 12ന് വൈക്കത്തും സ്വീകരണം നൽകും.

ബ്യൂട്ടീഷ്യനെ കൊലപ്പെടുത്തിയ കേസ്

സംഗീതാധ്യാപകന് ജീവപര്യന്തം തടവും രണ്ടര ലക്ഷം പിഴയും

കൊല്ലം

ബ്യൂട്ടീഷ്യനായ യുവതിയെ കൊല്ലത്തുനിന്ന് പാലക്കാട്ടേക്ക് കൂട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയശേഷം വെട്ടിനുറുക്കി കുഴിച്ചിട്ട കേസിൽ സംഗീതാധ്യാപകനായ പ്രതിക്ക് ജീവപര്യന്തം തടവും രണ്ടരലക്ഷം രൂപ പിഴയും ശിക്ഷ. തൃക്കോവിൽവട്ടം നടുവിലക്കര ശ്രീവിഹാറിൽ ശിവദാസന്റെ മകൾ സുചിത്ര പിള്ളയെ (42) കൊലപ്പെടുത്തിയ കേസിലെ പ്രതി കോഴിക്കോട് വടകര തൊടുവയൽ വീട്ടിൽ പ്രശാന്ത് നമ്പ്യാരെ(35)യാണ് കൊല്ലം ഒന്നാം അഡീഷണൽ സെഷൻസ് കോടതി ജഡ്ജി റോയ് വർഗീസ് ശിക്ഷിച്ചത്.

സാഹചര്യത്തെളിവുകളെ മാത്രം ആസ്പദമാക്കി കുറ്റപത്രം ഹാജരാക്കിയ കേസിൽ പ്രതിക്കെതിരെ പ്രോസിക്യൂഷൻ ആരോപിച്ച എല്ലാ കുറ്റകൃത്യങ്ങളും തെളിഞ്ഞതായി കോടതി വ്യക്തമാക്കി. പ്രതിയുടെ ഭാര്യ കൊല്ലപ്പെട്ട സുചിത്രയുടെ കുടുംബസുഹൃത്തായിരുന്നു. സുചിത്രയിൽനിന്ന് രണ്ടരലക്ഷം രൂപ പ്രശാന്ത് തട്ടിയെടുത്തിരുന്നു. വിവാഹമോചിതയായ യുവതി പ്രശാന്തിൽനിന്ന് കുഞ്ഞിനെ വേണമെന്ന് ആവശ്യപ്പെട്ടത് തന്റെ കുടുംബജീവിതത്തെ ബാധിക്കുമെന്നു കരുതിയാണ് പ്രതി കൊല നടത്തിയത്.

യുവതിയും പ്രതിയുമായുള്ള ചാറ്റുകൾ വീണ്ടെടുത്തതാണ് അന്വേഷണത്തിൽ വഴിത്തിരിവായത്. ചോദ്യംചെയ്യലിൽ പ്രതി കുറ്റം സമ്മതിച്ചു. ഇയാളുടെ വാടകവീടിനോടു ചേർന്ന ചതുപ്പുനിലത്തിൽനിന്നാണ് മൃതദേഹവും ആഭരണങ്ങളും മേക്കപ്പ് സാധനങ്ങളും കണ്ടെടുത്തത്.

പ്രശാന്ത് നമ്പ്യാർ ഡിലീറ്റ് ചെയ്ത സമൂഹമാധ്യമ അക്കൗണ്ടുകളും സുചിത്ര പിള്ളയുമായുള്ള ചാറ്റുകളും സൈബർ ഫോറൻസിക് വിദഗ്ധരുടെ സഹായത്തോടെ വീണ്ടെടുത്തത് കേസിൽ നിർണായകമായി. യുവതിയെ പ്രലോഭിപ്പിച്ച് കൂട്ടിക്കൊണ്ടുപോകാൻ ഇയാൾ നടത്തിയ ചാറ്റുകളാണ് കണ്ടെത്തിയത്. പ്രതി യുവതിയുടെ മൊബൈൽഫോൺ നശിപ്പിച്ചിരുന്നു. എന്നാൽ, ഈ ഫോൺ ഉപയോഗിച്ച് യുവതി നടത്തിയ ചാറ്റുകൾ സൈബർ ഫോറൻസിക് വിദഗ്ധരുടെ സഹായത്തോടെ ക്ലൗഡിൽനിന്ന് വീണ്ടെടുക്കുകയായിരുന്നു. തന്റെ ഗൂഗിൾ അക്കൗണ്ടുവഴി പ്രതി കൊലപാതകം സംബന്ധിച്ച സെർച്ച് നടത്തിയത് ശ്രദ്ധയിൽപ്പെട്ട അന്വേഷകസംഘം തുടർന്നു നടത്തിയ പരിശോധനയിലാണ് കുറ്റകൃത്യങ്ങൾ വെളിവായത്.

യുവതിയെ മുറിയിൽ പൂട്ടിയിട്ടു

രക്ഷിക്കാനെത്തിയ പൊലീസിനെ ഭർത്താവായ കൊലക്കേസ് പ്രതി ആക്രമിച്ചു

പാമ്പാടി

സാം സക്കറിയ

ഭർത്താവ് മുറിക്കുള്ളിൽ പൂട്ടിയിട്ട യുവതിയെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെ പൊലീസുകാരനെ ആക്രമിച്ചു. പാമ്പാടി സ്റ്റേഷനിലെ സിപിഒ ജിബിൻ ലോബോയ്ക്കാണ് മൂക്കിന് പരിക്കേറ്റത്. കാപ്പിരി അപ്പച്ചൻ വധക്കേസിൽ പ്രതിയായ പാമ്പാടി നെടുങ്കുഴി സ്വദേശി സാം സക്കറിയ ആണ് ആക്രമിച്ചത്.

ആക്രമിച്ച ശേഷം പ്രതി ഓടി രക്ഷപ്പെട്ടു. ഞായർ രാത്രി പത്തരയോടെ പാമ്പാടി എട്ടാം മൈലിൽ ആണ് പൊലീസ് ഉദ്യോഗസ്ഥന് നേരെ ആക്രമണം ഉണ്ടായത്. സാമിന്റെ ഭാര്യയുടെ പരാതിയിൽ പൊലീസ് എത്തുമ്പോൾ മുറിക്കുള്ളിൽ പൂട്ടിയിട്ടിരിക്കുകയായിരുന്നു. പൊലീസ് മുറിതുറക്കാൻ ശ്രമിക്കുന്നതിനിടെയായിരുന്നു ആക്രമണം.

ജിബിനെ പാമ്പാടി താലൂക്ക് ആശുപത്രിയിലും പിന്നീട് കോട്ടയം മെഡിക്കൽകോളേജ് ആശുപത്രിയിലും പ്രവേശിപ്പിച്ചു. മൂക്കിന് പൊട്ടലുണ്ട്. കണ്ണിനുമുകളിലായി നാല് തുന്നിക്കെട്ടൽ ഉള്ളതായും പൊലീസ് അറിയിച്ചു. ഒമ്പതാംമൈലിൽ ചീട്ടുകളി സംഘത്തെ ആക്രമിച്ച് പണം തട്ടിയ കേസിലും പ്രതിയാണ് സാം. പ്രതിക്കായി പൊലീസ് അന്വേഷണം ആരംഭിച്ചു.

നേരത്തെ വിവാഹിതയായ യുവതിക്ക് മൂന്ന് കുട്ടികളുണ്ട്. ഇവരുടെ അസുഖബാധിതനായ മൂന്നാമത്തെ കുട്ടിയെ വീട്ടിലെത്തിച്ചതാണ് വഴക്കിന് കാരണമെന്നും പൊലീസ് പറഞ്ഞു.

മിന്നൽ ഹർത്താൽ: കെഎസ്ആർടിസിയും 37 വ്യക്തികളും ക്ലെയിം പെറ്റീഷൻ നൽകി

കൊച്ചി

പോപ്പുലർ ഫ്രണ്ട് സെപ്തംബർ 23ന് നടത്തിയ മിന്നൽ ഹർത്താലിലെ നാശനഷ്ടങ്ങൾ വിലയിരുത്താൻ നിയമിച്ച സംസ്ഥാന ക്ലെയിം കമീഷണർ മുമ്പാകെ കെഎസ്ആർടിസിയും 37 വ്യക്തികളും ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തു. ഹർത്താൽ ദിവസത്തെ ആക്രമണത്തിൽ 56 കെഎസ്ആർടിസി ബസുകൾക്ക് നാശമുണ്ടായി. 10 ജീവനക്കാർക്കും ഒരു യാത്രക്കാരനും പരിക്കേറ്റതായും 5.07 കോടിയുടെ നാശനഷ്ടമുണ്ടായെന്നുമാണ് പരാതി. വ്യക്തികൾ 37 പരാതി നൽകി. ആക്രമണത്തിൽ കാഴ്ച നഷ്ടപ്പെട്ട ആറ്റിങ്ങൽ സ്വദേശിയുടേത് ഉൾപ്പെടെ ഏഴുപേരുടെ പരാതിയുമുണ്ട്. കമീഷൻ പ്രവർത്തനം തുടങ്ങിയ ഫെബ്രുവരിമുതലുള്ള കണക്കാണിത്. റിട്ട. ജില്ലാ ജഡ്ജി പി ഡി ശാർങ്ധരനാണ് ക്ലെയിം കമീഷണർ. വിശദാംശങ്ങളും രേഖകളും സമർപ്പിക്കാൻ നിർദേശിച്ച് കെഎസ്ആർടിസിക്ക് നോട്ടീസ് അയച്ചതായി കമീഷണർ പറഞ്ഞു.

ഹർത്താൽ നേരിടാൻ സേനയെ അധികമായി ഉപയോഗിച്ചതിനടക്കം ചെലവായ തുക ഉൾപ്പെടെ വ്യക്തമാക്കി ക്ലെയിം പെറ്റീഷൻ നൽകാൻ പൊലീസ് മേധാവിയോട് കമീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. മിന്നൽ ഹർത്താലിനെ തുടർന്നുണ്ടായ നാശനഷ്ടങ്ങളുടെ നഷ്ടപരിഹാരം പോപ്പുലർ ഫ്രണ്ടിൽനിന്ന് ഈടാക്കണമെന്നായിരുന്നു ജസ്റ്റിസ് എ കെ ജയശങ്കരൻനമ്പ്യാർ, ജസ്റ്റിസ് സി പി നിയാസ് എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് നിർദേശം. ഹർത്താൽ ആക്രമണങ്ങളിൽ നാശനഷ്ടമുണ്ടായവർക്കും പരിക്കേറ്റവർക്കും ക്ലെയിം കമീഷണർക്ക് നേരിട്ടോ, ഇ–മെയിലായോ തപാലിലോ പരാതി നൽകാം.

പള്ളിക്കുന്ന് ബാങ്ക് തെരഞ്ഞെടുപ്പ് തോൽവി

പി കെ രാഗേഷിനെ കോൺഗ്രസ് പുറത്താക്കി മണ്ഡലം കമ്മിറ്റി പിരിച്ചുവിട്ടു

സ്വന്തം ലേഖകൻ

കണ്ണൂർ

പി കെ രാഗേഷ്

പള്ളിക്കുന്ന് സർവീസ് സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിൽ യുഡിഎഫിനുണ്ടായ കനത്ത പരാജയത്തെത്തുടർന്ന് കണ്ണൂർ കോർപറേഷൻ സ്ഥിരംസമിതി അധ്യക്ഷൻ പി കെ രാഗേഷ് ഉൾപ്പെടെ ഏഴുപേരെ കോൺഗ്രസിൽനിന്ന് പുറത്താക്കി. പള്ളിക്കുന്ന് മണ്ഡലം കോൺഗ്രസ് കമ്മിറ്റിയും മണ്ഡലം പരിധിയിലെ ബൂത്ത് കമ്മിറ്റികളും പിരിച്ചുവിട്ടു. രണ്ടുപേരെ സസ്പെൻഡുചെയ്തതായും ഡിസിസി പ്രസിഡന്റ് മാർട്ടിൻ ജോർജ് വാർത്താക്കുറിപ്പിൽ അറിയിച്ചു. പള്ളിക്കുന്ന് മണ്ഡലം കമ്മിറ്റിയുടെ ചുമതല കെപിസിസി അംഗം രാജീവൻ എളയാവൂരിന് നൽകി.

പി കെ രാഗേഷിനുപുറമെ പി കെ രഞ്ജിത്ത്, ചേറ്റൂർ രാഗേഷ്, എം കെ അഖിൽ, പി കെ സൂരജ്, കെ പി പ്രദീപൻ, എം വി പ്രദീപ്കുമാർ എന്നിവരെയാണ് പുറത്താക്കിയത്. കോർപറേഷൻ കൗൺസിലർ കെ പി അനിത, കെ പി ചന്ദ്രൻ എന്നിവരെയാണ് സസ്പെൻഡുചെയ്തത്.

ഔദ്യോഗിക പാനലിനെതിരെ മൂന്നിരട്ടിയോളം വോട്ട് നേടിയാണ് ബാങ്ക് തെരഞ്ഞെടുപ്പിൽ വിമതപക്ഷം ജയിച്ചത്. വിമതപക്ഷത്തെ നയിച്ചത് രാഗേഷാണെന്ന് ആരോപിച്ചാണ് അച്ചടക്ക നടപടി. കെപിസിസി പ്രസിഡന്റ് കെ സുധാകരൻ ഭീഷണിപ്പെടുത്തിയിട്ടും വിമതർ മത്സരരംഗത്ത് ഉറച്ച് നിൽക്കുകയും വൻവിജയം നേടുകയും ചെയ്ത പശ്ചാത്തലത്തിലാണ് നടപടി.

അട്ടിമറിക്കാൻ ഗൂഢാലോചന

ഞായറാഴ്ച നടന്ന തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ കോൺഗ്രസ് നേതൃത്വം ഗൂഢാലോചന നടത്തിയിരുന്നു. വോട്ടർമാരെ ഭീഷണിപ്പെടുത്താനും തിരിച്ചറിയൽ കാർഡ് പിടിച്ചുവാങ്ങാനും വ്യാജ തിരിച്ചറിയൽ കാർഡ് ഉപയോഗിച്ച് കള്ളവോട്ട് ചെയ്യാനും ശ്രമം നടന്നു. തെരഞ്ഞെടുപ്പ് നടന്ന ചാലാട് വെസ്റ്റ് യുപി സ്കൂളും പരിസരവും സംഘർഷഭരിതമായി. പൊലീസ് പലതവണ ലാത്തിവീശി.

പിഎസ്സി വാർത്തകൾ

11 തസ്തികയിൽ സാധ്യതാപട്ടിക പ്രസിദ്ധീകരിക്കും

തിരുവനന്തപുരം

11 തസ്തികയിൽ സാധ്യതാപട്ടിക പ്രസിദ്ധീകരിക്കാൻ പിഎസ്സി യോഗം തീരുമാനിച്ചു.

തസ്തികകൾ: ഹാർബർ എൻജിനിയറിങ് വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1, ഓവർസിയർ ഗ്രേഡ് 1 (ഇലക്ട്രിക്കൽ) (കാറ്റഗറി നമ്പർ 377/2020),പൊതുമരാമത്ത്/ ജലസേചനവകുപ്പിൽ ഓവർസിയർ/ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 (ഇലക്ട്രിക്കൽ, 198/ 2020), അച്ചടിവകുപ്പിൽ ഓഫ് സെറ്റ് പ്രിന്റിങ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് 2 (504/2021), മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ റേഡിയോഗ്രാഫർ ഗ്രേഡ് 2 (347/2021), ആരോഗ്യവകുപ്പിൽ റേഡിയോഗ്രാഫർ ഗ്രേഡ് 2 (462/2021), ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ റേഡിയോഗ്രാഫർ ഗ്രേഡ് 2, എക്സ്റേ ടെക്നീഷ്യൻ ഗ്രേഡ് 2 (49/2022), മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ ആർട്ടിസ്റ്റ് (11/2021), തിരുവനന്തപുരം, ഇടുക്കി ജില്ലകളിൽ ഹോമിയോപ്പതിവകുപ്പിൽ ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് 2 (394/2020), ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ അസിസ്റ്റന്റ് കെമിസ്റ്റ് (80/2021), മത്സ്യഫെഡിൽ അ ക്കൗണ്ടന്റ് (ജനറൽ, മത്സ്യത്തൊഴിലാളികൾ/ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ, സൊസൈറ്റി, 217/2020, 218/2020, 2019/2020), മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിൽ ഫിനാൻസ് അസിസ്റ്റന്റ് (406/2019).

പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

പത്താംതലം മുഖ്യപരീക്ഷയുടെ ഭാഗമായി വിവിധ വകുപ്പുകളിൽ ആയ, അറ്റൻഡർ (കാറ്റഗറി നമ്പർ 21/2021, 146/2021) തസ്തികകളിലേക്ക് 17 ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ നടത്താൻ തീരുമാനിച്ച പരീക്ഷയുടെ കേന്ദ്രങ്ങളിൽ മാറ്റം.

പാലക്കാട് ഗവ. മോയൻ മോഡൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, സെന്റർ 1ൽ ഉൾപ്പെട്ട രജിസ്റ്റർ നമ്പർ 1046100 മുതൽ 1046399 വരെയുള്ളവർ ഗവ. എപിഎച്ച്എസ്എസ് എലപ്പുള്ളിയിലും ഗവ. മോയൻ മോഡൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, സെന്റർ 2ൽ ഉൾപ്പെട്ട രജിസ്റ്റർ നമ്പർ 1046400 മുതൽ 1046599 വരെയുള്ളവർ ശ്രീനാരായണ പബ്ലിക് സ്കൂൾ എലപ്പുള്ളിയിലും പരീക്ഷയ്ക്ക് ഹാജരാകണം.

പ്രായോഗിക പരീക്ഷ

തിരുവനന്തപുരം ജില്ലയിൽ വിവിധ വകുപ്പുകളിൽ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (എച്ച്ഡിവി) (പട്ടികജാതി/വർഗം, 482/2021) തസ്തികയിലേക്ക് കോഴിക്കോട് മാലൂർകുന്ന് ഡിഎച്ച്ക്യു ക്യാമ്പ് ഗ്രൗണ്ടിൽ പ്രായോഗിക പരീക്ഷ നടത്തും.

പുനരളവെടുപ്പ്

തിരുവനന്തപുരം, കൊല്ലം ജില്ലയിൽ എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (538/2019) തസ്തികയിലേക്ക് നടന്ന ശാരീരിക അളവെടുപ്പിൽ യോഗ്യത നേടാതെ അപ്പീൽ നൽകി കായികക്ഷമതാ പരീക്ഷയിൽ പങ്കെടുത്ത് വിജയിച്ചവർക്ക് 18ന് പിഎസ്സി ആസ്ഥാനത്ത് ശാരീരിക പുനരളവെടുപ്പ്. കായിക ക്ഷമതാ പരീക്ഷയ്ക്ക് ലഭിച്ച അഡ്മിഷൻ ടിക്കറ്റും തിരിച്ചറിയൽ രേഖയും സഹിതം രാവിലെ 8.30 ന് ഹാജരാകണം.

അഭിമുഖം

വയനാട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (520/2019) തസ്തികയിലേക്ക് 17, 18, 19, ജൂൺ 2 തീയതികളിൽ പിഎസ്സി വയനാട് ജില്ലാ ഓഫീസിൽ അഭിമുഖം.